## പാഠം 2

# നല്ലവനായ ഗുരു

**വേദഭാഗം** : യോഹ.1:35–51., മർക്കോ. 1:16–20, മത്താ. 9:9, 10:1–4, ലൂക്കോ.6:12–17

**തങ്കവാക്യം** : മർക്കോസ് 1 : 17–18

*യേശു അവരോട്: എന്നെ അനുഗമിപ്പീൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു പറഞ്ഞു. ഉടനെ അവർ വലവിട്ട് അവനെ അനുഗമിച്ചു.*

### പാഠം

എല്ലാ ഗുരുക്കന്മാർക്കും അവരുടെ കൂടെ എപ്പോഴും നടക്കുന്ന അനുയായികൾ ഉണ്ടായിരിക്കും. അവർ ജനങ്ങളുടെ ആവശ്യങ്ങൾ ഗുരുവിനെ അറിയിക്കുന്നു. ഗുരുവിന്റെ സന്ദേശങ്ങൾ അവർ ജനങ്ങളെ അറിയിക്കുന്നു. യേശു ലോകത്തിൽ ആയിരുന്നപ്പോൾ തന്നോടു കൂടെ നടക്കുന്നതിനും സുവിശേഷം അറിയിക്കുവാനും രോഗികളെ സൗഖ്യമാക്കുവാനും 12 ശിഷ്യന്മാരെ തെരഞ്ഞെടുത്തു. ഇന്ന് നമുക്ക് അവരെ സംബന്ധിച്ചും അവരുടെ ഗുരുവിനെക്കുറിച്ചു നമുക്കു പഠിക്കാം.

യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം കേട്ട് യേശുവിനെ അനുഗമിച്ച യോഹന്നാനും അന്ത്രയോസും മീൻ പിടുത്തക്കാർ ആയിരുന്നു. അവർ മശിഹായെ കണ്ടെത്തുവാൻ ആഗ്രഹിച്ചിരുന്നു. യേശു അവരോട് നിങ്ങൾ എന്ത് അന്വേഷിക്കുന്നുവെന്നു ചോദിച്ചു. റബീ (ഗുരോ) നീ എവിടെ പാർക്കുന്നു

**ഫോക്കസ് /FOCUS**

**യേശുവിനെ അനുഗമിച്ച് തന്റെ യഥാർത്ഥ ശിഷ്യരായി ജീവിക്കുക**

**Follow Jesus and be His true disciples.**

## Lesson 2

# THE GOOD MASTER

**Scripture** : John 1:35-51
Mark 1:16-20
Matthew. 9:9, 10:1-4
Luke 6:12-17

**Memory Verse** : Mark 1:17-18

*Jesus said, "Come, follow me, and I will send you out to fish for people." At once they left their nets and followed him.*

### Lesson

All the religious leaders (masters) have their followers with them. They make their master aware of the needs of the common people and convey his message back to them. When Jesus was on the earth, He had chosen 12 disciples to be with Him, to proclaim the gospel and to heal the sick. Today we will study about them and their master.

John and Andrew, who followed Jesus hearing the testimony of John the Baptist, were fishermen. They also desired for the coming of the Messiah. When Jesus saw them following him, he asked, "What do you want" and they said, "Rabbi (which means Teacher), where are you staying?" Jesus replied gently, "Come and see". We do not know

എന്നു ചോദിച്ചു. യേശു അതിനു മറുപടിയായി വന്നു കാണ്മീൻ എന്ന് വളരെ സ്നേഹത്തോടു കൂടി ഉത്തരം പറഞ്ഞു. യേശു എവിടെ താമസി ച്ചിരുന്നുവെന്ന് നമുക്കറിയില്ല. തനിക്ക് ഒരു സ്വന്തം ഭവനം ഇല്ലായിരുന്നിരിക്കണം. സ്നേഹി തരുടെ വീടുകളിൽ വിശ്രമിക്കുക പതിവായിരു ന്നു. യോഹന്നാനും അന്ത്രയോസും യേശുവിന്റെ കൂടെ പോയി തന്റെ കൂടെ താമസിച്ചു. ഇതിനിടെ അവർ യേശുവിനോട് നേരിട്ട് പലതും ചോദിക്കു കയും തന്നിൽ നിന്നും ദൈവത്തിന്റെ സ്നേഹത്തെ മനസ്സിലാക്കുകയും ചെയ്തു. അവർ യേശുവിൽ വിശ്വസിക്കുകയും തൽഫല മായി പാപമോചനവും രക്ഷയും അനുഭവിക്കു കയും ചെയ്തു. അവരുടെ ഹൃദയം ദൈവസ്നേ ഹത്താലും സന്തോഷത്താലും നിറഞ്ഞു.

യേശുവിനെ അവരുടെ രക്ഷിതാവായി കണ്ടതിനു ശേഷം അന്ത്രയോസ് നേരെ തന്റെ സഹോദരനായ ശീമോന്റെ അടുക്കൽ ചെന്ന് അവനോട് ഞങ്ങൾ മശിഹായെ (ക്രിസ്തു വിനെ) കണ്ടെത്തിയിരിക്കുന്നു എന്ന് പറയു കയും അവനെ യേശുവിന്റെ അടുക്കൽ കൊണ്ടു വരികയും ചെയ്തു. യേശു അവനെ സ്നേഹ ത്തോടെ നോക്കിയിട്ട് നീ യോഹന്നാന്റെ മക നായ ശീമോൻ ആകുന്നു. നിനക്ക് കേഫ (പ ത്രോസ്) എന്ന് പേരാകും എന്നു പറഞ്ഞു. പിറ്റേന്ന് യേശു ഗലീലയ്ക്ക് പുറപ്പെടുവാൻ ഭാവി ച്ചപ്പോൾ ഫിലിപ്പോസിനെ കണ്ടു. യേശു അവ നോട് എന്നെ അനുഗമിപ്പിൻ എന്നു പറഞ്ഞു. ഫിലിപ്പോസും, അന്ത്രയോസും, ശീമോനും ബേത്ത്സയിദായിൽ നിന്നുള്ളവർ ആയിരുന്നു. ഫിലിപ്പോസ് പോയി തന്റെ സ്നേഹിതനായി രുന്ന നഥനിയേലിനെ കണ്ട് അവനോട് യേശു വിനെ സാക്ഷിച്ചു. നഥനിയേൽ ആദ്യം അല്പം സംശിച്ചു. എങ്കിലും അവൻ അന്ത്രയോ സിനോടുകൂടി യേശുവിന്റെ അടുക്കൽ എത്തി. അപ്പോൾ യേശു ഇതാ സാക്ഷാൽ യിസ്രായേ ല്യൻ ഇവനിൽ കപടമില്ല എന്നു പറഞ്ഞു. ഉടൻ അവൻ യേശുവിനോട് എന്നെ എവിടെ വെച്ച് അറിയും എന്നു ചോദിച്ചു. ഫിലിപ്പോസ് നിന്നെ വിളിക്കും മുമ്പേ നീ അത്തിയുടെ കീഴിൽ ഇരി ക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്ന് യേശു ഉത്തരം പറഞ്ഞു. യേശുതന്നെക്കുറിച്ചു പറഞ്ഞ

where Jesus was living. Probably, He would not have his own shelter. He would have been resting in the houses of his friends and other known people and both John and Andrew went and stayed with him that day. They asked him questions and learnt the love of God from him. They believed in Him and as the result, their sins were forgiven and were saved. Their hearts were filled with the Love of God and they rejoiced.

After this incident, Andrew went to his brother Simon and told him that he found Messiah (which means Christ) and brought him to Jesus. Jesus looked at him and said, “You are Simon, son of John. You will be called Cephas (which means Peter).” The following day, while Jesus was preparing to go to Galilee, he found Philip and asked to follow Him. Like Andrew and Peter, Philip was also from the town of Bethsaida. Philip went to his friend Nathanael and shared the testimony about Jesus. Even though Nathanael had a doubt at the beginning, later he went to Jesus with Andrew. When Jesus saw Nathanael approaching, he said to him, “Here is a true Israelite, in him there is nothing false.” How do you know me”, Nathanael asked. Jesus answered him that he had seen him while he was still under the fig tree even before Philip called him. Hearing this, Nathanael became excited and declared, “Rabbi, you are the son of God; you are the King of Israel.” Jesus knows each of us completely. Nothing in all creation is hidden from God’s sight. Thus John, Andrew, Philip, Peter and Nathanael became the followers of Jesus. James, bother of John, also would have joined them. Jesus went with them to Galilee for the wedding at Cana. But it was little later, these disciples with other apostles followed Jesus completely leaving their profession.

After John the Baptist was imprisoned by

കാര്യങ്ങൾ എത്ര ശരിയായിരുന്നു എന്നോർത്ത് അവൻ അത്ഭുതപ്പെടുകയും യേശുവിനെ ദൈവ പുത്രനും, യിസ്രയേലിന്റെ രാജാവുമായി വിശ്വ സിച്ച് ഏറ്റുപറയുകയും ചെയ്തു. യേശു നമ്മെ ഒരോരുത്തരേയും നന്നായി അറിയുന്നു. അവന് മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. ഇങ്ങനെ യേഹന്നാൻ, അന്ത്രയോസ്, ഫിലിപ്പോസ്, പത്രോസ്, നഥനിയേൽ എന്നിവർ യേശുവിന്റെ അനുയായികളായിത്തീർന്നു. യോഹന്നാന്റെ സഹോദരനായ യാക്കോബും ഈ കൂട്ടത്തിൽ ഉൾപ്പെട്ടുകാണും. ഇവരുമായിട്ടാണ് യേശു ഗലീ ലയിലെ കാനാവിലെ കല്യാണത്തിനു പോയത്. എന്നാൽ ഇവരും മറ്റ് അപ്പോസ്തലന്മാരും തങ്ങ ളുടെ ജോലികൾ വിട്ട് യേശുവിനെ അനുഗമിച്ചത് ഏതാനും നാളുകൾ കൂടി കഴിഞ്ഞിട്ടായിരുന്നു.

ഹേരോദാരാജാവ് യോഹന്നാൻ സ്നാപ കനെ തടവിലാക്കി. അതിനു ശേഷം യേശു ഗലീ ലയിൽ ചെന്ന് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു തുടങ്ങി. ഒരിക്കൽ യേശു ഗലീലാ കടപ്പുറത്തു നടക്കുമ്പോൾ ശീമോൻ പത്രോസും അവന്റെ സഹോദരനായ അന്ത്രയോസും കട ലിൽ മീൻ പിടിക്കുന്നതുകണ്ടു. യേശു അവരോട് എന്നെ അനുഗമിപ്പിൻ ഞാൻ നിങ്ങളെ മനുഷ്യ രെപ്പിടിക്കുന്നവരാക്കും എന്നു പറഞ്ഞു. (മ ർക്കോ. 1:17) ഉടനെ അവർ തങ്ങളുടെ ജോലി വിട്ട് യേശുവിനെ അനുഗമിച്ചു. അവിടെനിന്നും അല്പം മുന്നോട്ടു ചെന്നപ്പോൾ യാക്കോബും, സഹോദരനായ യോഹന്നാനും തങ്ങളുടെ പിതാ വായ സെബദിയോടും കൂടി പടകിൽ (വള്ള ത്തിൽ) ഇരുന്ന് വല നന്നാക്കുന്നതു കണ്ടു. യേശു അവരേയും വിളിച്ചു. അവരും യേശു വിനെ അനുഗമിച്ചു. തുടർന്ന് യേശു ഗലീലയി ലൊക്കെയും സഞ്ചരിച്ച് രോഗികളെ സൗഖ്യമാ ക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നു. യേശു ഒരു സ്ഥലത്തു കൂടി കടന്നു പോകുമ്പോൾ ലേവി (മത്തായി) എന്ന ഒരുവൻ ചുങ്കസ്ഥലത്ത് കരം പിരിക്കുന്ന തിനായി ഇരിക്കുന്നതുകണ്ടു. യേശു അവനോട് എന്നെ അനുഗമിക്ക എന്നു പറഞ്ഞു. അവൻ അനുസരിക്കുകയും ചെയ്തു. ലേവി തന്റെ വീട്ടിൽ ഒരു വിരുന്നൊരുക്കി. അതിൽ യേശുവും ശിഷ്യന്മാരും മാത്രമല്ല തന്റെ സ്നേഹിതരായി

King Herod; Jesus went into Galilee and preached the good news about the Kingdom of God. As Jesus walked beside the Sea of Galilee, he saw Simon Peter and his brother Andrew fishing and asked them, "Come follow me, and I will make you fishers of men." (Mark 1:17). At once they left their nets and followed Jesus. When he had gone a little farther, he saw James, son of Zebedee and his brother John in a boat, preparing their nets with their father. Jesus called them also and they also followed him. He continued travelling all over Galilee healing the sick and preaching the good news. As he walked along, he saw Levi, son of Alphaeus, sitting at the tax collector's booth and he was also asked to follow him. He obeyed Jesus and followed him. Then Levi prepared a great dinner in his house for Jesus and his disciples. He invited many of his friends including tax collectors and other sinners to dine with Jesus. It was prepared because of his great desire to bring them also to Jesus. The number of Jesus' followers increased gradually. One day Jesus went out to a mountainside and spent the night in prayer. Next day morning, he called his disciples to him and chose twelve of them whom he designated apostles. They were Simon Peter, Andrew, James, John, Philip, Bartholomew, Matthew, Thomas, James son of Alpheus, Simon the Zealot, Judas son of James and Judas Iscariot.

We do not have the complete information about all of the Apostles. But Jesus had chosen ordinary people to realize the love of God from him and to proclaim it to the world. It does not need great men for God to perform great things. Moses was slow of speech and tongue, David was a shepherd and Amos was a small farmer. God needs only our dedication to make use of us. Will you commit your life to Christ and decide to follow him in everything?

രുന്ന പല ചുങ്കക്കാരും പാപികളും പന്തിയിൽ ഇരുന്നു. തന്റെ സ്നേഹിതരെ യേശുവിങ്കലേക്കു കൊണ്ടുവരുന്നതിനുള്ള ആഗ്രഹം മൂലമാണ് ലേവി ഈ സൽക്കാരംനടത്തിയത്. യേശുവിന്റെ അനുയായികളുടെ എണ്ണം ക്രമേണ വർദ്ധിച്ചു. ഒരിക്കൽ യേശു അവരുമായി ഒരു മലയിൽ ചെന്ന് രാത്രിമുഴുവൻ പ്രാർത്ഥിച്ചു. രാവിലെ അവൻ അവരെയെല്ലാം തന്റെ അടുക്കൽ വിളിച്ച് , അവരിൽ നിന്ന് പന്ത്രണ്ടു പേരെ പ്രത്യേകമായി തെരഞ്ഞെടുത്ത് അപ്പൊസ്തലന്മാരായി നിയമിച്ചു. അവരുടെ പേര് ഓർത്തിരിക്കണം. (ശീമോൻ പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, ഫിലിപ്പോസ്, ബർത്തൊലൊമായി, മത്തായി, തോമസ്, അൽഫായിയുടെ മകൻ യാക്കോബ്, എരിവുകാരനായ ശീമോൻ, യാക്കോബിന്റെ സഹോദരനായ യൂദാ തദ്ദായി (ഇസ്കരിയോത്ത് യൂദാ).

എല്ലാ അപ്പോസ്തലന്മാരേയും സംബന്ധിച്ചുള്ള പൂർണ്ണമായ അറിവു നമുക്കില്ല. എന്നാൽ ദൈവത്തിന്റെ സ്നേഹം തന്നിൽ നിന്ന് ഗ്രഹിച്ച് ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നതിന് യേശു തിരഞ്ഞെടുത്തത് വെറും സാധാരണക്കാരായ ആളുകളെ ആയിരുന്നു. ദൈവത്തിന് വലിയ കാര്യങ്ങൾ പ്രവർത്തിക്കാൻ വലിയ ആളുകൾ വേണമെന്നില്ല. മോശ വിക്കനായിരുന്നു. ദാവീദ് ആട്ടിടയനായിരുന്നു. ആമോസ് ഒരു ചെറിയ കൃഷിക്കാരനായിരുന്നു. സമർപ്പിക്കപ്പെട്ട ജീവിതമാണ് ദൈവത്തിന് ആവശ്യം. നിങ്ങൾ നിങ്ങളെ തന്നെ ക്രിസ്തുവിനുവേണ്ടി സമർപ്പിച്ച് എല്ലാ കാര്യങ്ങളിലും അവനെ അനുഗമിക്കുവാൻ തീരുമാനിക്കമോ?

നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം /
*Write your notes here*

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students


1. ചുങ്കസ്ഥലത്തുനിന്ന്, യേശുവിനെ അനുഗമിപ്പാൻ വിളിക്കപ്പെട്ട ആൾ? Who was called from the tax collector’s booth to follow Jesus?

2. നിങ്ങൾ യേശുവിനെ നിങ്ങളുടെ രക്ഷിതാവും കർത്താവുമായി അംഗീകരിച്ചിട്ടുണ്ടോ? Have you accepted Jesus as your Lord and personal savior?

3. യേശുവിനെ മശിഹാ ആയി കണ്ടെത്തിയവരുടെ കർത്തവ്യം എന്ത്? What is the responsibility of all those who have found Jesus as the Messiah?

4. നഥനിയേൽ തന്റെ അടുക്കൽ വന്നപ്പോൾ യേശു എന്തു പറഞ്ഞു? What did Jesus say to Nathanael when he came to him?

**II.** അപ്പോസ്തലന്മാരുടെ പേരുകൾ എഴുതുക. Write the name of the Apostles.




**III.** യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം കേട്ട് യേശുവിനെ അനുഗമിച്ച രണ്ടു ശിഷ്യന്മാർ ആരെല്ലാം? Name the two disciples who followed Jesus hearing the testimony of John the Baptist.

